മാധ്യമം
2022 ഫെബ്രുവരി 17 ● വ്യാഴം

# തോട്ടണ്ടി സംഭരണം ഉടൻ ആരംഭിക്കും; വിലനിർണയ സമിതി യോഗം ഈയാഴ്ച

**കൊല്ലം:** കേരളത്തിൽ ലഭ്യമായ നാടൻ തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉടനാരംഭിക്കും. ഒരാഴ്ചക്കുള്ളിൽ തോട്ടണ്ടിയുടെ വിലനിർണയ കമ്മിറ്റി യോഗം കൂടി വില നിർണയിക്കാനും തീരുമാനമായി. തോട്ടണ്ടി സംഭരണവുമായി ബന്ധപ്പെട്ട് മന്ത്രി പി. രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന കാപെക്സ്, കാഷ്യൂ കോർപറേഷൻ, കാഷ്യൂ ബോർഡ് അധികൃതരുടെ യോഗമാണ് തീരുമാനമെടുത്തത്.

കാപെക്സിനും കോർപറേഷനും ആവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വേഗത്തിൽ മുന്നോട്ട് കൊണ്ടുപോകാനുള്ള തീരുമാനം കൈക്കൊണ്ടതിന്റെ ഭാഗമായി സംഭരണസംവിധാനത്തിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനായി രണ്ടാഴ്ചയിലൊരിക്കൽ കാഷ്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരും.

കശുവണ്ടിത്തോട്ടമുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളുമായി ചർച്ച നടത്തി അടിയന്തരമായി നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നിർദേശവും ഉദ്യോഗസ്ഥർക്ക് നൽകി.

തോട്ടണ്ടി സംഭരണവുമായി ബന്ധപ്പെട്ട് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പണം ലഭ്യമാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ കേരള ബാങ്കുമായി സഹകരിച്ച് പ്രത്യേക സംവിധാനം തുടങ്ങാൻ ഉദ്ദേശിക്കുന്നതായി മന്ത്രി യോഗത്തിൽ അറിയിച്ചു. സഹകരണ സംഘങ്ങളുമായുള്ള ഏകോപനം സുഗമമാക്കുന്നതിനായി സഹകരണവകുപ്പ് സെക്രട്ടറിയുമായി വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആശയവിനിമയം നടത്തും.

കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദി എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ എന്ന സഹകരണ സ്ഥാപനം വഴി കശുമാവ് കൃഷി വ്യാപിപ്പിച്ച് ഒരു ജനകീയ കർഷക കൂട്ടായ്മയാക്കി മാറ്റി പരമാവധി നാടൻ തോട്ടണ്ടി സംഭരിക്കുകയാണ് ലക്ഷ്യം. ഇതിനായി കർഷകർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്ന തൈകൾ മൂന്ന് വർഷത്തിനുള്ളിൽ കായ്ക്കുന്നവയാണ്. അതുകൊണ്ടുതന്നെ ഈ തൈകളിൽ നിന്ന് ലഭിക്കുന്ന വിളവ് തുടർച്ചയായി നിരീക്ഷിക്കാനും യോഗത്തിൽ തീരുമാനിച്ചു.